പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 328 09.06.2014-ൽ മറുപടിക്ക്

<u>ഡെപ്യൂട്ടേഷനിലുള്ള ജീവനക്കാർക്കുള്ള കെ.എസ്.ആർ.ടി.സി യാത്രാപാസ്</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. കെ.എൻ.എ ഖാദർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർ അവരുടെ താൽപ്പര്യപ്രകാരം വിവിധ വകുപ്പുകൾ/കോർപ്പറേഷനുകൾ എന്നിവയിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പോകുമ്പോൾ അവർക്ക് 500 രൂപ ഈടാക്കി സൗജന്യ യാത്രാപാസ് നൽകാറുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കെ.റ്റി.ഡി.എഫ്.സി.യിൽ ജോലി നോക്കുന്ന മൂന്ന് ജീവനക്കാർക്ക് നിലവിൽ യാത്രാ പാസ് നൽകിയിട്ടുണ്ട്. മറ്റു ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ജോലി നോക്കുന്നവർ ഫീസ് ഒടുക്കാത്തതിനാൽ യാത്രാ പാസ് നൽകുന്നില്ല. |
| (ബി) | മുൻ സർക്കാരിന്റെ കാലത്തും, ഈ സർക്കാരിന്റെ കാലത്തുമായി ഈ വകയിൽ എത്ര പേർ അത്തരത്തിൽ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട് എന്നറിയിക്കുമോ; | (ബി) | 5 പേർ ഇരു സർക്കാരിന്റെയും കാലത്തായി കെ.റ്റി.ഡി.എഫ്.സി.യിൽ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. ഇതിൽ 2 പേർ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് തിരികെ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ട്. |
| (സി) | ഇവരിൽ എത്ര പേർക്ക് ഇത്തരത്തിൽ സൗജന്യ യാത്രാപാസ് നൽകിയിട്ടുണ്ട്; ഓരോരുത്തരിൽ നിന്നും ഈടാക്കിയ തുകയുടെ വിവരവും അതിന്റെ റെമിറ്റൻസ് സംബന്ധിച്ച വിവരവും നൽകാമോ? | (സി) | നിലവിൽ മൂന്ന് ജീവനക്കാർക്കാണ് സൗജന്യ യാത്രാ പാസ് നൽകിയിട്ടുള്ളത്. കഴിഞ്ഞ മൂന്ന് വർഷമായി ടി ജീവനക്കാർക്ക് പാസ് അനുവദിച്ച ഇനത്തിൽ ലഭിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പേര് | തസ്തിക | സ്ഥാപനം | 2011 (തുക) രൂപ | 2012 (തുക) രൂപ | 2013 (തുക) രൂപ |
|---|---|---|---|---|---|---|
| 1 | ബി.എസ്. പ്രകാശ് | മെക്കാനിക്ക് | കെ.റ്റി.ഡി.എഫ്.സി | 6000 | 6000 | 6000 |
| 2 | എം.ജെ. പോൾ | ഡ്രൈവർ | കെ.റ്റി.ഡി.എഫ്.സി | 6000 | 6000 | 6000 |
| 3 | കെ. മനോജ് | കണ്ടക്ടർ | കെ.റ്റി.ഡി.എഫ്.സി | 6000 | 6000 | 6000 |
| ആകെ തുക | | | | 18000 | 18000 | 18000 |

സെക്ഷൻ ഓഫീസർ